# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| ഒക്ടോബർ 11<br>October 11 | 2018 |

*1193 കന്നി 25 വ്യാഴം*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468–2222657

### പുറത്തു നിന്നുള്ള വിദ്യാർഥികൾക്ക് കേരളത്തിൽ പഠിക്കാൻ അവസരമൊരുക്കും പഠനത്തോടൊപ്പം വരുമാനം പദ്ധതി നടപ്പാക്കും; സർവകലാശാലകളുടെ തുല്യതാ സർട്ടിഫിക്കറ്റ് നിർത്തലാക്കും: മന്ത്രി കെ. ടി. ജലീൽ

പഠനത്തോടൊപ്പം വിദ്യാർഥികൾക്ക് വരുമാനവും നേടുന്നതിനുള്ള ലേൺ ആൻഡ് ഏൺ പദ്ധതി നടപ്പാക്കുമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ.കെ.റ്റി. ജലീൽ പറഞ്ഞു. കല്ലൂപ്പാറയിൽ ഐഎച്ച്ആർഡിയുടെ കോളജ് ഓഫ് എൻജിനിയറിംഗിന്റെ പുതിയ അക്കാദമിക് ബ്ലോക്കിന്റെ ഉദ്ഘാടനം നിർവഹിച്ച് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിൽ ഇല്ലാത്ത ഒരു കാര്യമാണ് പഠിക്കുന്നതോടൊപ്പം അധ്വാനിക്കുകയെന്ന ലേൺ ആൻഡ് ഏൺ പദ്ധതി. വിദേശരാജ്യങ്ങളിൽ എല്ലാം ഈ പദ്ധതിയു ്. എൻജിനിയറിംഗ് ഉൾപ്പെടെ പഠിക്കുന്ന വിദ്യാർഥികൾക്ക് സ്വകാര്യമേഖലയുമായി സഹകരിച്ച് പഠനത്തോടൊപ്പം തൊഴിൽ ചെയ്യുന്നതിന് അവസരമൊരുക്കും. സർവകലാശാലകളുടെ ഇക്വലൻസി (തുല്യത) സർട്ടിഫിക്കറ്റ് നിർത്തലാക്കും. ഒരു ചാൻസലറുടെ കീഴിലുള്ള സംസ്ഥാനത്തെ വ്യത്യസ്ത സർവകലാശാലകളുടെ സർട്ടിഫിക്കറ്റുകൾ പരസ്പരം അംഗീകരിക്കാത്ത സ്ഥിതിയു ്. ഐഐടികളിൽ നിന്നും എൻഐടികളിൽ നിന്നും കോഴ്സ് കഴിഞ്ഞു വരുന്ന കുട്ടികളോടും നമ്മുടെ സർവകലാശാലകൾ തുല്യതാ സർട്ടിഫിക്കറ്റ് ചോദിക്കുന്നു ്. ഉന്നത വിദ്യാഭ്യാസ രംഗത്തെ വളർച്ചയ്ക്ക് ഇത്തരം പ്രവണതകൾ തടസം സൃഷ്ടിക്കുന്നു ്. ഈ സാഹചര്യം കണക്കിലെടുത്താണ് തുല്യതാ സർട്ടിഫിക്കറ്റ് സംസ്ഥാനത്തു വേ  എന്ന തീരുമാനം സർക്കാർ എടുത്തിട്ടുള്ളത്.

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസരംഗത്ത് മറ്റു സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തു നിന്നുമുള്ള വിദ്യാർഥികൾക്ക് പഠിക്കാൻ അവസരമൊരുക്കും. കേരളത്തിലെ കോളജുകളിൽ എംബിഎയ്ക്കും എൻജിനിയറിംഗിനും ഉൾപ്പെടെ സീറ്റുകൾ ഒഴിഞ്ഞു കിടക്കുമ്പോൾ തമിഴ്നാട്ടിലേക്കും കർണാടകയിലേക്കും കുട്ടികൾ ഇവിടെ നിന്നും പോകുകയാണ്. ഇതരസംസ്ഥാനങ്ങളിൽ പഠിച്ചാൽ ഇംഗ്ലീഷ് സംസാരിക്കുന്നതിന് ഉൾപ്പെടെ പ്രാവീണ്യം ലഭിക്കുമെന്നാണ് ഇങ്ങനെ പോകുന്നവർ പറയുന്ന ന്യായം. ഇംഗ്ലീഷ് നന്നാകാൻ പുറത്തേക്കു പോകേ ല്ലോ, അവിടെയുള്ള കുട്ടികളെ ഇവിടേക്കു കൊ ുവരാം. ഇതരസംസ്ഥാനങ്ങളിൽ നിന്നും വിദേശത്തു നിന്നുമുള്ള വിദ്യാർഥികൾക്ക് ഒപ്പം നമ്മുടെ കുട്ടികൾക്ക് പഠിക്കുന്നതിന് അവസരം ഒരുക്കും. ഇത്തരം സാഹചര്യം ഒരുക്കാൻ പറ്റിയ ഏറ്റവും നല്ല സംസ്ഥാനമാണ് കേരളം. മതസൗഹാർദം ഏറ്റവും നന്നായി നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളം. എല്ലാ മത വിശ്വാസങ്ങളിലും പെടുന്നവർ കേരളത്തിൽ സുരക്ഷിതരാണ്. മതനിരപേക്ഷതയുടെയും മതസൗഹാർദത്തിന്റെയും ഈറ്റില്ലമാണ് കേരളം. കുട്ടികൾക്ക് ഏറ്റവും സുരക്ഷിതമായി പഠിക്കാൻ കഴിയുന്ന സ്ഥലം കേരളമാണ്. മറ്റൊരു സ്ഥലവുമല്ല. ഈ സാഹചര്യം ഉന്നതവിദ്യാഭ്യാസ രംഗത്തിന്റെ വളർച്ചയ്ക്ക് പരമാവധി പ്രയോജനപ്പെടുത്തും. ഇതു വേ തുപോലെ നമ്മൾ മാർക്കറ്റ് ചെയ്തിട്ടില്ല. പൊതുവിദ്യാലയങ്ങളെയും പൊതു ഇടങ്ങളെയും പൊതുസ്ഥാപനങ്ങളെയും പ്രോത്സാഹിക്കും.

ഉന്നതവിദ്യാഭ്യാസ രംഗം കഴിഞ്ഞ കുറേ വർഷങ്ങളായി പുരോഗതി പ്രാപിക്കാൻ കഴിയാതെ പ്രയാസപ്പെടുകയാണ്. പൊതുവിദ്യാഭ്യാസ മേഖലയിൽ അഭൂതപൂർവമായ മുന്നേറ്റം കൈവരിക്കാൻ കേരളത്തിനു കഴിഞ്ഞിട്ടു . സർക്കാരിന്റെ ഇടപെടലിനെ തുടർന്ന് ര ലക്ഷത്തോളം വിദ്യാർഥികളാണ് പുതുതായി പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കഴിഞ്ഞ ര ുവർഷത്തിനിടയിൽ എത്തിയത്. മറ്റ് ഏതൊരു സംസ്ഥാനത്തെ പരിശോധിച്ചാലും ഒന്നു മുതൽ പന്ത്ര ാം ക്ലാസ് വരെയുള്ള പഠനത്തിൽ കേരളം മികച്ച നിലയിലാണ് പ്രവർത്തിക്കുന്നതെന്നു കാണാം. എന്നാൽ, ഉന്നതവിദ്യാഭ്യാസ രംഗത്ത് സമാനമായ പുരോഗതി കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടില്ല. നാക്കിന്റെ അക്രഡിറ്റേഷൻ എ പ്ലസ് ലഭിച്ച ഒരു സർവകലാശാലയും കേരളത്തിലില്ല. എൻഐആർഎഫിന്റെ ആദ്യത്തെ 25 റാങ്കിംഗിൽ വരുന്ന ഒരു സ്ഥാപനവും കേരളത്തിലില്ല. ഇതിനാൽ കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ രംഗത്ത് ഫലപ്രദമായ ഇടപെടലുകൾ അനിവാര്യമാണെന്നതിന്റെ വെളിച്ചത്തിലാണ് ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രത്യേക പോർട്ട്ഫോളിയോ ആയി സംസ്ഥാന സർക്കാർ നിശ്ചയിച്ചത്. ഈ രംഗത്ത് നല്ല ഇടപെടലുകൾ സർക്കാർ നടത്താൻ പോകുകയാണ്.

എൻജിനിയറിംഗ് വിദ്യാർഥികൾ സർട്ടിഫിക്കറ്റ് നേടുന്നതിനൊപ്പം ഏതെങ്കിലുമൊരു മേഖലയിൽ നൈപുണ്യം നേടണം. സർട്ടിഫിക്കറ്റ് കൊ ുമാത്രം ഒരാളും ജോലി തരില്ല. പണിയെടുക്കാൻ അറിയുന്നതിനൊപ്പം സത്യസന്ധതയും ആത്മാർഥതയും പുലർത്തണം. ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ പുരോഗതിക്കായി പ്രവർത്തിക്കാൻ കഴിയണം. ഇങ്ങനെയുള്ള ഒരാളെ ഒരു സ്ഥാപനവും പിരിച്ചു വിടില്ല. എത്ര ലക്ഷം രൂപ ശമ്പളം വേണമെന്നു പറഞ്ഞാലും അവർ തരും. സ്ഥാപനത്തിന്റെ അവിഭാജ്യ ഘടകമാണെന്ന് ബോധ്യപ്പെടുത്താൻ ഉദ്യോഗാർഥികൾക്കു കഴിയണമെന്നും മന്ത്രി പറഞ്ഞു.

വിദ്യാഭ്യാസം കേവലമായ അറിവു പകരൽ മാത്രമല്ല, മൂല്യബോധമുള്ളവരായി സമൂഹം എന്തെന്ന് മനസിലാക്കി വളരുന്നിടത്ത് കുട്ടികളെ പരിശീലിപ്പിക്കുന്നതാണെന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ച ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി തോമസ് പറഞ്ഞു. അപ്രിയമായ ചില സത്യങ്ങൾ ചില സമയങ്ങളിൽ ഭരണാധികാരികൾക്ക് പറയേ ി വരും. അപ്രിയമായ സത്യങ്ങൾ പറയുമ്പോൾ ഉ ാകാവുന്ന ഭവിഷ്യത്തുകൾ ഭയപ്പെട്ടു നിൽക്കുന്നവർ ഭരണാധികാരികൾ അല്ല. പ്രളയവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തു ായ വിപത്തിനെ അതിജീവിക്കാൻ എല്ലാവരും ഒരുമിച്ചു നിൽക്കണമെന്നു പറഞ്ഞപ്പോൾ വിദ്യാഭ്യാസ മേഖലയിൽ നി

ന്നു ായ ചില വിപരീതമായ അഭിപ്രായ പ്രകടനങ്ങളെ മുൻപിൻ നോക്കാതെ അതിനോടു പ്രതികരിക്കാൻ മന്ത്രി കെ.റ്റി. ജലീൽ കാണിച്ച ആർജവത്തെ അഭിനന്ദിക്കുന്നു. ഈ നാടിനു ായ വിപത്ത് എന്ത് എന്നത് ആദ്യം ഉൾക്കൊള്ളേ ത് വിദ്യാഭ്യാസ മേഖലയാണ് എന്ന് അദ്ദേഹം തുറന്നു പറഞ്ഞു. ഐഎച്ച്ആർഡിയുടെ മല്ലപ്പള്ളിയിലെ കോളജിനും സ്കൂളിനും സ്വന്തം കെട്ടിടം ഉൾപ്പെടെ നിലനിർത്തി കിട്ടാൻ ആവശ്യമായ ഇടപെടൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെയും ഐഎച്ച്ആർഡിയുടെയും ഭാഗത്തു നിന്ന് ഉ ാകണമെന്നും മന്ത്രി അഭ്യർഥിച്ചു.

ആന്റോ ആന്റണി എംപി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണദേവി, ഐഎച്ച്ആർഡി ഡയറക്ടർ ഡോ. പി. സുരേഷ് കുമാർ, മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശോശാമ്മ തോമസ്, ജില്ലാ പഞ്ചായത്തംഗം റജി തോമസ്, കല്ലൂപ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റജി ചാക്കോ, ബ്ലോക്ക് പഞ്ചായത്തംഗം മനുഭായി മോഹൻ, ഗ്രാമപഞ്ചായത്തംഗം മോളിക്കുട്ടി ഷാജി, ചെങ്ങന്നൂർ എൻജിനിയറിംഗ് കോളജ് പ്രിൻസിപ്പൽ ഡോ.വി. ജേക്കബ് തോമസ്, പിടിഎ പ്രസിഡന്റ് സാബു തോമസ്, ജല അതോറിറ്റി ബോർഡ് അംഗം അലക്സ് കണ്ണമല, കോളജ് സ്ഥാപക കമ്മിറ്റി പ്രസിഡന്റ് സി.കെ. മോഹനൻ നായർ, കോളജ് സെനറ്റ് ചെയർമാൻ യദു കൃഷ്ണൻ, രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ ബിനു വർഗീസ്, പ്രസാദ് ജോർജ്, ബാബു പാലയ്ക്കൽ, കെ.ഇ. അബ്ദുൾ റഹ്മാൻ, ജെയിംസ് വർഗീസ്, എം.ഡി. ദിനേശ് കുമാർ, രാജൻ വരിക്കപ്ലാംമൂട്ടിൽ, ജോസ് കുറഞ്ഞൂർ, വാളകം ജോൺ, കോളജ് പ്രിൻസിപ്പൽ ഡോ.ജെ.ദീപ തുടങ്ങിയവർ പ്രസംഗിച്ചു. നബാർഡ് ആർഐഡിഎഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 4,07,88,260 രൂപ ചെലവഴിച്ചാണ് 10,646 ചതുരശ്ര അടി വിസ്തീർണമുള്ള മൂന്നു വീതം നിലകളിലായി ആകെ 31,940 ചതുരശ്ര അടി വരുന്ന പുതിയ അക്കാദമിക് ബ്ലോക്ക് നിർമിച്ചത്. പൊതുമരാമത്ത് കെട്ടിടവിഭാഗത്തിന്റെ മേൽനോട്ടത്തിലായിരുന്നു നിർമാണം.

(പിഎൻപി 3337/18)

**ഫോട്ടോ അടിക്കുറിപ്പ്**

1) കല്ലൂപ്പാറയിൽ ഐഎച്ച്ആർഡിയുടെ കോളജ് ഓഫ് എൻജിനിയറിംഗിന്റെ പുതിയ അക്കാദമിക് ബ്ലോക്കിന്റെ ഉദ്ഘാടനം ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ.കെ.റ്റി. ജലീൽ നിർവഹിക്കുന്നു. ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി തോമസ് സമീപം.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


കോളേജ് ഓഫ്
പുതിയ അക്കാദമിക്
2018 ഒക്ടോബർ 11 രാവിലെ 10 മണിക്ക്


കോളേജ് ഓഫ്
പുതിയ അക്കാദമിക്
2018 ഒക്ടോബർ 11 രാവിലെ 10 മണിക്ക്



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഒക്ടോബർ 11<br>October 11 | 2018 |
|---|---|

*1193 കന്നി 25 വ്യാഴം*

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

---

**ഇന്റർവ്യൂ മാറ്റിവച്ചു**

ഭാരതീയ ചികിത്സാ വകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസിൽ ആഫീസ് അറ്റൻഡന്റ് ഒഴിവിലേക്ക് 15ന് നടത്താനിരുന്ന ഇന്റർവ്യൂ മാറ്റിവച്ചതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. (പിഎൻപി 3337/18)

**ദന്തപരിശോധനാ ക്യാമ്പുകൾ**

ജില്ലാ മെഡിക്കൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ പട്ടികവർഗ മേഖലകളിൽ ദന്തപരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. അടിച്ചിപ്പുഴ കോളനിയിൽ ഈ മാസം 15നും അട്ടത്തോട് കോളനിയിൽ 17നും ക്യാമ്പ് നടക്കും. രോഗികളെ പരിശോധിച്ച് മരുന്നുകൾ സൗജന്യമായി നൽകുമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. (പിഎൻപി 3338/18)

**ഡിഫൻസ് പെൻഷൻ അദാലത്ത്**

ഡിഫൻസ് പെൻഷൻ അദാലത്ത് ഈ മാസം 31ന് രാവിലെ 10 മുതൽ വൈകിട്ട് അഞ്ച് വരെ പത്തനംതിട്ട ഡിപിഡിഒ ഓഫീസിൽ നടക്കും. (പിഎൻപി 3339/18)

**തൊഴിലധിഷ്ഠിത കോഴ്സുകൾ**

വെണ്ണിക്കുളം പോളിടെക്നിക്ക് കോളേജിലെ കണ്ടിന്യൂയിംഗ് എഡ്യുക്കേഷൻ സെല്ലിൽ സിസിടിവി ഇൻസ്റ്റലേഷൻ ടെക്നീഷ്യൻ, അലൂമിനിയം ഫാബ്രിക്കേഷൻ, ഓട്ടോ ഇലക്ട്രീഷ്യൻ, എൽഇഡി ലൈറ്റിംഗ് ടെക്നീഷ്യൻ എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. താത്പര്യ

മുള്ളവർ കണ്ടിന്യൂയിംഗ് എഡ്യുക്കേഷൻ സെല്ലുമായി ബന്ധപ്പെടുക. ഫോൺ: 0469 2651428. (പിഎൻപി 3340/18)

## തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് അടയാളഭാഷാ പരിശീലനം നടത്തി

ഭിന്നശേഷിക്കാരായവർക്ക് പ്രാപ്യമായ തെരഞ്ഞെടുപ്പ് സാധ്യമാക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് അടയാളഭാഷാ പരിശീലനം നൽകി. ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ പി. അജന്തകുമാരി പരിശീലനം ഉദ്ഘാടനം ചെയ്തു. തെരഞ്ഞെടുപ്പ് പ്രക്രിയയിൽ വോട്ട് രേഖപ്പെടുത്തുന്നതിനായി ഭിന്നശേഷിക്കാരായവർക്ക് അവരുടേതായ രീതിയിൽ വേഗത്തിൽ മാർഗനിർദേശങ്ങൾ നൽകുവാനും സംശയനിവാരണം നടത്തുവാനും ഉദ്യോഗസ്ഥർക്ക് സാധിക്കണം. ഭിന്നശേഷിക്കാരായവർക്ക് വോട്ടിംഗ് പ്രക്രിയയ്ക്കായി പരമാവധി സഹായം ലഭ്യമാക്കുന്നതിന് പരിശീലന പരിപാടി സഹായകരമാണെന്ന് ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ പറഞ്ഞു. ഓരോ വോട്ടും വിലപ്പെട്ടതാണ്, അതിനാൽ ഒരു വോട്ടും പാഴാക്കാതെ എല്ലാവരേയും തെരഞ്ഞെടുപ്പിന്റെ ഭാഗമാക്കുന്നതിനായാണ് പരിശീലനം സംഘടിപ്പിച്ചത്. സ്വീപ് നോഡൽ ഓഫീസർ സി. മോഹൻദേവ് അദ്ധ്യക്ഷത വഹിച്ചു. തിരുവനന്തപുരം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗിലെ അടയാളഭാഷ വിദഗ്ധൻ സരുൺ സൈമൺ പരിശീലന ക്ലാസ് നയിച്ചു. ജില്ലാതല മാസ്റ്റർ ട്രെയ്നി പി. തുളസീധരൻനായർ, വിവിധ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 3341/18)

## അടവിയിൽ സഞ്ചാരികൾക്കായി താമസസൗകര്യവും

അടവി കുട്ടവഞ്ചി സവാരിക്ക് എത്തുന്നവർക്ക് താമസസൗകര്യമൊരുക്കി ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ. സഞ്ചാരികൾക്ക് തങ്ങുന്നതിനായി വിപുലമായ അടിസ്ഥാന സൗകര്യങ്ങളാണ് ഡിടിപിസി ഒരുക്കുന്നത്. മുള ഉപയോഗിച്ച് പരിസ്ഥിതി സൗഹൃദപരമായ ഇരുനില വീടുകളാണ് പുതുതായി നിർമിക്കുന്നതെന്ന് ബീറ്റ് ഫോറസ്റ്റ് ഓഫീസർ എസ്. അജയൻ പറഞ്ഞു. ഡിടിപിസിയുടെ ഫണ്ട് ഉപയോഗിച്ച് കൊണ്ട് 77 ലക്ഷം രൂപ മുതൽ മുടക്കിയാണ് ബാംബു കോർപ്പറേഷന്റെ ചുമതലയിൽ ഒരു വർഷം മുമ്പ് നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. കല്ലാറ്റിലെ മുണ്ടോംമൂഴിയിൽ നാല് വർഷം മുമ്പാണ് കുട്ടവഞ്ചി സവാരി ആരംഭിച്ചത്. പരിമിതമായ അടിസ്ഥാന സൗകര്യങ്ങൾ വിനോദസഞ്ചാരികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നുവെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് ഡിടിപിസി കൂടുതൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിന് തീരുമാനിച്ചത്. ഇരുനിലകളിലായി 3100 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടവും പ്രത്യേകമായി ശുചിമുറി ബ്ലോക്കും ടിക്കറ്റ് കൗണ്ടറുമാണ് നിർമിക്കുന്നത്. കെട്ടിടത്തിന്റെ താഴത്തെ നിലയിൽ വനശ്രീ കഫേ, ഇക്കോ ഷോപ്പ്, സഞ്ചാരികൾക്ക് വിശ്രമസ്ഥലം, ഓഫീസ്, സ്റ്റോർ മുറി എന്നിവയും മുകളിലത്തെ നിലയിൽ സഞ്ചാരികൾക്കായി നാല് മുറികളടങ്ങുന്ന താമസസൗകര്യവുമാണ് ഒരുക്കുക. ഒപ്പം കുട്ടികൾക്കായുള്ള പാർക്കും ഇവിടെ ഒരുക്കുന്നുണ്ട്. ഓരോ മുറികൾക്കും ബാൽക്കണികളും ഉണ്ടാകും. മുകളിലത്തെ നിലയിൽ സുരക്ഷാജീവനക്കാർക്കുള്ള മുറിയും ലൈഫ് ജാക്കറ്റ് തുടങ്ങിയവ സൂക്ഷിക്കുന്നതിനുള്ള മുറികളുമാണ് തയ്യാറാക്കുന്നത്. അടുത്ത മാസത്തോടെ നിർമാണം പൂർത്തിയാക്കി അടവി ഇക്കോ ടൂറിസം മുഖം മിനുക്കി സഞ്ചാരികൾക്കായി സജ്ജമാകും.

(പിഎൻപി 3342/18)

## പ്രളയദുരിതാശ്വാസം : 49712 കുടുംബങ്ങൾക്ക് തുക നൽകി

ജില്ലയിൽ പ്രളയക്കെടുതിയിൽ ദുരിതമനുഭവിച്ച 49712 കുടുംബങ്ങൾക്ക് 10000

രൂപയുടെ ധനസഹായം കൈമാറി. തിരുവല്ല താലൂക്കിൽ 29662 കുടുംബങ്ങൾക്കും കോഴഞ്ചേരിയിൽ 8038 കുടുംബങ്ങൾക്കും മല്ലപ്പള്ളിയിൽ 1334 കുടുംബങ്ങൾക്കും റാന്നിയിൽ 4046 കുടുംബങ്ങൾക്കും കോന്നിയിൽ 2764 കുടുംബങ്ങൾക്കും അടൂരിൽ 3868 കുടുംബങ്ങൾക്കുമാണ് തുക കൈമാറിയത്. 18110 അപ്പീലുകൾ ലഭിച്ചതിൽ 10298 അപ്പീലുകൾ അർഹമാണെന്ന് കണ്ടെത്തി. 7812 അപ്പീലുകൾ നിരസിച്ചു.

(പിഎൻപി 3343/18)

**കുറുമ്പൻമൂഴി, മണക്കയം നിവാസികൾക്ക് സ്വപ്നസാക്ഷാത്ക്കാരം**

റാന്നി താലൂക്കിലെ നാറാണംമൂഴി പഞ്ചായത്തിൽപ്പെട്ട കുറുമ്പൻമൂഴി, മണക്കയം നിവാസികളുടെ ചിരകാലസ്വപ്നം പൂവണിയുന്നു. തീർത്തും ഒറ്റപ്പെട്ട പ്രദേശമായ ഇവിടേയ്ക്ക് സഞ്ചാരയോഗ്യമായ റോഡ് എന്നത് പ്രദേശവാസികളുടെ നൂറ്റാണ്ടുകളായുള്ള സ്വപ്നമായിരുന്നു. കഴിഞ്ഞ പ്രളയക്കാലത്തും പുറംലോകവുമായി ഒറ്റപ്പെട്ട് ദിവസങ്ങളോളം കഴിയേണ്ടി വന്നവരാണ് കുറുമ്പൻമൂഴി നിവാസികൾ. കുറുമ്പൻമൂഴി, മണക്കയം റോഡിലൂടെ പഞ്ചായത്ത് ആസ്ഥാനത്തേയ്ക്ക് എത്തുന്നതിന് 3.3 കിലോമീറ്റർ പുതിയ റോഡ് നിർമിക്കുന്നതിന് കരികുളം ഫോറസ്റ്റ് സ്റ്റേഷന് കീഴിലുള്ള 0.999 ഹെക്ടർ സ്ഥലവും മണക്കയം കോളനിയിലേയ്ക്ക് 1.935 കിലോമീറ്റർ റോഡ് നിർമിക്കുന്നതിനും 0.580 ഹെക്ടർ സ്ഥലവുമാണ് വനംവകുപ്പ് വിട്ടുനൽകിയിട്ടുള്ളത്. വനാവകാശ നിയമപ്രകാരം ഊരുക്കൂട്ടത്തിന്റെ ആവശ്യപ്രകാരം ഒരു ഹെക്ടർ വരെ ഭൂമി പട്ടികവർഗ വിഭാഗങ്ങളുടെ നിശ്ചിത ആവശ്യങ്ങൾക്കായി വിട്ടുനൽകുന്നതിന് ഡിഎഫ്ഒയ്ക്ക് അധികാരമുണ്ട്. ഈ അധികാരം ഉപയോഗിച്ചാണ് റോഡ് നിർമാണത്തിനായി നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ കൂടി അഭ്യർത്ഥന മാനിച്ച് സ്ഥലം അനുവദിച്ചതെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മോഹൻരാജ് ജേക്കബ്  പറഞ്ഞു. വനാവകാശ നിയമ പ്രകാരമാണ് റോഡ് നിർമാണത്തിന് വനഭൂമി വിട്ടു നൽകുന്ന തെന്നതിനാൽ ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ല .വനഭൂമി ആയതിനാൽ റോഡ് നിർമാണ പ്രവർത്തനത്തിലും പ്രത്യേക മാർഗനിർദ്ദേശങ്ങൾ വനംവകുപ്പ് നൽകിയിട്ടുണ്ട്. മൂന്ന് മീറ്റർ വീതിയിൽ മാത്രമേ റോഡ് കോൺക്രീറ്റ് ചെയ്യാൻ അനു മതിയുള്ളൂ. റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനുള്ള ഫണ്ടിനായി എസ്റ്റിമേറ്റ് തയ്യാറാക്കി എംപിക്കും എംഎൽഎയ്ക്കും നൽകുമെന്നും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു. പമ്പാനദിയിൽ ജലനിരപ്പ് ഉയരുമ്പോൾ സ്ഥിരമായി ഒറ്റപ്പെട്ടു പോകുന്ന പ്രദേശമാണ് കുറുമ്പൻമൂഴി, മണക്കയം ഭാഗങ്ങൾ. പുതിയ റോഡ് പൂർത്തിയാകുന്നതോടെ ഇവരുടെ ദുരിതത്തിന് ശാശ്വത പരിഹാരമാകും.

(പിഎൻപി 3344/18)

**യുവജന കമ്മീഷൻ അദാലത്ത് ഇന്ന് (12)**

കേരള സംസ്ഥാന യുവജന കമ്മീഷൻ ഇന്ന് രാവിലെ 11 മുതൽ പത്തനംതിട്ട ഗവൺമെന്റ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ അദാലത്ത് നടത്തുന്നു. 18 വയസ്സിനും 40 മദ്ധ്യേ പ്രായമുള്ള യുവജനങ്ങൾക്ക്  പരാതികളും നിർദ്ദേശങ്ങളും കമ്മീഷൻ മുമ്പാകെ സമർപ്പിക്കാവുന്നതാണ്. യുവജന കമ്മീഷൻ ചെയർപേഴ്സൺ ചിന്താ ജെറോമിന്റെ നേതൃത്വത്തിലാണ് അദാലത്ത് നടക്കുന്നത്.

(പിഎൻപി 3345/18)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| **ഒക്ടോബർ 11**<br>**October 11** | **2018** |

***1193 കന്നി 25 വ്യാഴം***

## പത്രക്കുറിപ്പ് -2

[www.prd.kerala.gov.in](http://www.prd.kerala.gov.in), [diopta1@gmail.com](mailto:diopta1@gmail.com) ഫോൺ0468-2222657

### ഇന്റർവ്യൂ മാറ്റിവച്ചു

ഭാരതീയ ചികിത്സാ വകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസിൽ ആഫീസ് അറ്റൻഡന്റ് ഒഴിവിലേക്ക് 15ന് നടത്താനിരുന്ന ഇന്റർവ്യൂ മാറ്റിവച്ചതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. (പിഎൻപി 3337/18)

### ദന്തപരിശോധനാ ക്യാമ്പുകൾ

ജില്ലാ മെഡിക്കൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ പട്ടികവർഗ മേഖലകളിൽ ദന്തപരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. അടിച്ചിപ്പുഴ കോളനിയിൽ ഈ മാസം 15നും അട്ടത്തോട് കോളനിയിൽ 17നും ക്യാമ്പ് നടക്കും. രോഗികളെ പരിശോധിച്ച് മരുന്നുകൾ സൗജന്യമായി നൽകുമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. (പിഎൻപി 3338/18)

### ഡിഫൻസ് പെൻഷൻ അദാലത്ത്

ഡിഫൻസ് പെൻഷൻ അദാലത്ത് ഈ മാസം 31ന് രാവിലെ 10 മുതൽ വൈകിട്ട് അഞ്ച് വരെ പത്തനംതിട്ട ഡിപിഡിഒ ഓഫീസിൽ നടക്കും. (പിഎൻപി 3339/18)

### തൊഴിലധിഷ്ഠിത കോഴ്സുകൾ

വെണ്ണിക്കുളം പോളിടെക്നിക്ക് കോളേജിലെ കണ്ടിന്യൂയിംഗ് എഡ്യുക്കേഷൻ സെല്ലിൽ സിസിടിവി ഇൻസ്റ്റലേഷൻ ടെക്നീഷ്യൻ, അലൂമിനിയം ഫാബ്രിക്കേഷൻ, ഓട്ടോ ഇലക്ട്രീഷ്യൻ, എൽഇഡി ലൈറ്റിംഗ് ടെക്നീഷ്യൻ എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. താത്പര്യ

മുള്ളവർ കണ്ടിന്യൂയിംഗ് എഡ്യുക്കേഷൻ സെല്ലുമായി ബന്ധപ്പെടുക. ഫോൺ: 0469 2651428. (പിഎൻപി 3340/18)

## തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് അടയാളഭാഷാ പരിശീലനം നടത്തി

ഭിന്നശേഷിക്കാരായവർക്ക് പ്രാപ്യമായ തെരഞ്ഞെടുപ്പ് സാധ്യമാക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് അടയാളഭാഷാ പരിശീലനം നൽകി. ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ പി. അജന്തകുമാരി പരിശീലനം ഉദ്ഘാടനം ചെയ്തു. തെരഞ്ഞെടുപ്പ് പ്രക്രിയയിൽ വോട്ട് രേഖപ്പെടുത്തുന്നതിനായി ഭിന്നശേഷിക്കാരായവർക്ക് അവരുടേതായ രീതിയിൽ വേഗത്തിൽ മാർഗനിർദേശങ്ങൾ നൽകുവാനും സംശയനിവാരണം നടത്തുവാനും ഉദ്യോഗസ്ഥർക്ക് സാധിക്കണം. ഭിന്നശേഷിക്കാരായവർക്ക് വോട്ടിംഗ് പ്രക്രിയയ്ക്കായി പരമാവധി സഹായം ലഭ്യമാക്കുന്നതിന് പരിശീലന പരിപാടി സഹായകരമാണെന്ന് ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ പറഞ്ഞു. ഓരോ വോട്ടും വിലപ്പെട്ടതാണ്, അതിനാൽ ഒരു വോട്ടും പാഴാക്കാതെ എല്ലാവരേയും തെരഞ്ഞെടുപ്പിന്റെ ഭാഗമാക്കുന്നതിനായാണ് പരിശീലനം സംഘടിപ്പിച്ചത്. സ്വീപ്പ് നോഡൽ ഓഫീസർ സി. മോഹൻദേവ് അദ്ധ്യക്ഷത വഹിച്ചു. തിരുവനന്തപുരം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗിലെ അടയാളഭാഷ വിദഗ്ധൻ സരുൺ സൈമൺ പരിശീലന ക്ലാസ് നയിച്ചു. ജില്ലാതല മാസ്റ്റർ ട്രെയ്നി പി. തുളസീധരൻനായർ, വിവിധ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 3341/18)

## അടവിയിൽ സഞ്ചാരികൾക്കായി താമസസൗകര്യവും

അടവി കുട്ടവഞ്ചി സവാരിക്ക് എത്തുന്നവർക്ക് താമസസൗകര്യമൊരുക്കി ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ. സഞ്ചാരികൾക്ക് തങ്ങുന്നതിനായി വിപുലമായ അടിസ്ഥാന സൗകര്യങ്ങളാണ് ഡിടിപിസി ഒരുക്കുന്നത്. മുള ഉപയോഗിച്ച് പരിസ്ഥിതി സൗഹൃദപരമായ ഇരുനില വീടുകളാണ് പുതുതായി നിർമിക്കുന്നതെന്ന് ബീറ്റ് ഫോറസ്റ്റ് ഓഫീസർ എസ്. അജയൻ പറഞ്ഞു. ഡിടിപിസിയുടെ ഫണ്ട് ഉപയോഗിച്ച് കൊണ്ട് 77 ലക്ഷം രൂപ മുതൽ മുടക്കിയാണ് ബാംബു കോർപ്പറേഷന്റെ ചുമതലയിൽ ഒരു വർഷം മുമ്പ് നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. കല്ലാറ്റിലെ മുണ്ടോംമൂഴിയിൽ നാല് വർഷം മുമ്പാണ് കുട്ടവഞ്ചി സവാരി ആരംഭിച്ചത്. പരിമിതമായ അടിസ്ഥാന സൗകര്യങ്ങൾ വിനോദസഞ്ചാരികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നുവെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് ഡിടിപിസി കൂടുതൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിന് തീരുമാനിച്ചത്. ഇരുനിലകളിലായി 3100 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടവും പ്രത്യേകമായി ശുചിമുറി ബ്ലോക്കും ടിക്കറ്റ് കൗണ്ടറുമാണ് നിർമിക്കുന്നത്. കെട്ടിടത്തിന്റെ താഴത്തെ നിലയിൽ വനശ്രീ കഫേ, ഇക്കോ ഷോപ്പ്, സഞ്ചാരികൾക്ക് വിശ്രമസ്ഥലം, ഓഫീസ്, സ്റ്റോർ മുറി എന്നിവയും മുകളിലത്തെ നിലയിൽ സഞ്ചാരികൾക്കായി നാല് മുറികളടങ്ങുന്ന താമസസൗകര്യവുമാണ് ഒരുക്കുക. ഒപ്പം കുട്ടികൾക്കായുള്ള പാർക്കും ഇവിടെ ഒരുക്കുന്നുണ്ട്. ഓരോ മുറികൾക്കും ബാൽക്കണികളും ഉണ്ടാകും. മുകളിലത്തെ നിലയിൽ സുരക്ഷാജീവനക്കാർക്കുള്ള മുറിയും ലൈഫ് ജാക്കറ്റ് തുടങ്ങിയവ സൂക്ഷിക്കുന്നതിനുള്ള മുറികളുമാണ് തയ്യാറാക്കുന്നത്. അടുത്ത മാസത്തോടെ നിർമാണം പൂർത്തിയാക്കി അടവി ഇക്കോ ടൂറിസം മുഖം മിനുക്കി സഞ്ചാരികൾക്കായി സജ്ജമാകും.

(പിഎൻപി 3342/18)

## പ്രളയദുരിതാശ്വാസം : 49712 കുടുംബങ്ങൾക്ക് തുക നൽകി

ജില്ലയിൽ പ്രളയക്കെടുതിയിൽ ദുരിതമനുഭവിച്ച 49712 കുടുംബങ്ങൾക്ക് 10000

രൂപയുടെ ധനസഹായം കൈമാറി. തിരുവല്ല താലൂക്കിൽ 29662 കുടുംബങ്ങൾക്കും കോഴഞ്ചേരിയിൽ 8038 കുടുംബങ്ങൾക്കും മല്ലപ്പള്ളിയിൽ 1334 കുടുംബങ്ങൾക്കും റാന്നിയിൽ 4046 കുടുംബങ്ങൾക്കും കോന്നിയിൽ 2764 കുടുംബങ്ങൾക്കും അടൂരിൽ 3868 കുടുംബങ്ങൾക്കുമാണ് തുക കൈമാറിയത്. 18110 അപ്പീലുകൾ ലഭിച്ചതിൽ 10298 അപ്പീലുകൾ അർഹമാണെന്ന് കണ്ടെത്തി. 7812 അപ്പീലുകൾ നിരസിച്ചു.

(പിഎൻപി 3343/18)

**കുറുമ്പൻമൂഴി, മണക്കയം നിവാസികൾക്ക് സ്വപ്നസാക്ഷാത്ക്കാരം**

റാന്നി താലൂക്കിലെ നാറാണംമൂഴി പഞ്ചായത്തിൽപ്പെട്ട കുറുമ്പൻമൂഴി, മണക്കയം നിവാസികളുടെ ചിരകാലസ്വപ്നം പൂവണിയുന്നു. തീർത്തും ഒറ്റപ്പെട്ട പ്രദേശമായ ഇവിടേയ്ക്ക് സഞ്ചാരയോഗ്യമായ റോഡ് എന്നത് പ്രദേശവാസികളുടെ നൂറ്റാണ്ടുകളായുള്ള സ്വപ്നമായിരുന്നു. കഴിഞ്ഞ പ്രളയക്കാലത്തും പുറംലോകവുമായി ഒറ്റപ്പെട്ട് ദിവസങ്ങളോളം കഴിയേണ്ടി വന്നവരാണ് കുറുമ്പൻമൂഴി നിവാസികൾ. കുറുമ്പൻമൂഴി, മണക്കയം റോഡിലൂടെ പഞ്ചായത്ത് ആസ്ഥാനത്തേയ്ക്ക് എത്തുന്നതിന് 3.3 കിലോമീറ്റർ പുതിയ റോഡ് നിർമിക്കുന്നതിന് കരികുളം ഫോറസ്റ്റ് സ്റ്റേഷന് കീഴിലുള്ള 0.999 ഹെക്ടർ സ്ഥലവും മണക്കയം കോളനിയിലേയ്ക്ക് 1.935 കിലോമീറ്റർ റോഡ് നിർമിക്കുന്നതിനും 0.580 ഹെക്ടർ സ്ഥലവുമാണ് വനംവകുപ്പ് വിട്ടുനൽകിയിട്ടുള്ളത്. വനാവകാശ നിയമപ്രകാരം ഊരുക്കൂട്ടത്തിന്റെ ആവശ്യപ്രകാരം ഒരു ഹെക്ടർ വരെ ഭൂമി പട്ടികവർഗ വിഭാഗങ്ങളുടെ നിശ്ചിത ആവശ്യങ്ങൾക്കായി വിട്ടുനൽകുന്നതിന് ഡിഎഫ്ഒയ്ക്ക് അധികാരമുണ്ട്. ഈ അധികാരം ഉപയോഗിച്ചാണ് റോഡ് നിർമാണത്തിനായി നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ കൂടി അഭ്യർത്ഥന മാനിച്ച് സ്ഥലം അനുവദിച്ചതെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മോഹൻരാജ് ജേക്കബ്  പറഞ്ഞു. വനാവകാശ നിയമ പ്രകാരമാണ് റോഡ് നിർമാണത്തിന് വനഭൂമി വിട്ടു നൽകുന്ന തെന്നതിനാൽ ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ല .വനഭൂമി ആയതിനാൽ റോഡ് നിർമാണ പ്രവർത്തനത്തിലും പ്രത്യേക മാർഗനിർദ്ദേശങ്ങൾ വനംവകുപ്പ് നൽകിയിട്ടുണ്ട്. മൂന്ന് മീറ്റർ വീതിയിൽ മാത്രമേ റോഡ് കോൺക്രീറ്റ് ചെയ്യാൻ അനു മതിയുള്ളൂ. റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനുള്ള ഫണ്ടിനായി എസ്റ്റിമേറ്റ് തയ്യാറാക്കി എംപിക്കും എംഎൽഎയ്ക്കും നൽകുമെന്നും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു. പമ്പാനദിയിൽ ജലനിരപ്പ് ഉയരുമ്പോൾ സ്ഥിരമായി ഒറ്റപ്പെട്ടു പോകുന്ന പ്രദേശമാണ് കുറുമ്പൻമൂഴി, മണക്കയം ഭാഗങ്ങൾ. പുതിയ റോഡ് പൂർത്തിയാകുന്നതോടെ ഇവരുടെ ദുരിതത്തിന് ശാശ്വത പരിഹാരമാകും.

(പിഎൻപി 3344/18)

**യുവജന കമ്മീഷൻ അദാലത്ത് ഇന്ന് (12)**

കേരള സംസ്ഥാന യുവജന കമ്മീഷൻ ഇന്ന് രാവിലെ 11 മുതൽ പത്തനംതിട്ട ഗവൺമെന്റ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ അദാലത്ത് നടത്തുന്നു. 18 വയസ്സിനും 40 മദ്ധ്യേ പ്രായമുള്ള യുവജനങ്ങൾക്ക്  പരാതികളും നിർദ്ദേശങ്ങളും കമ്മീഷൻ മുമ്പാകെ സമർപ്പിക്കാവുന്നതാണ്. യുവജന കമ്മീഷൻ ചെയർപേഴ്സൺ ചിന്താ ജെറോമിന്റെ നേതൃത്വത്തിലാണ് അദാലത്ത് നടക്കുന്നത്.

(പിഎൻപി 3345/18)




ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഒക്ടോബർ 11<br>October 11 | 2018 |
|---|---|

*1193 കന്നി 25 വ്യാഴം*

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

പ്രളയ ദുരിതാശ്വാസം തിരുത്തിയ വാർത്ത ഉപയോഗിക്കണേ......

**പ്രളയദുരിതാശ്വാസം : 50487 കുടുംബങ്ങൾക്ക് തുക നൽകി(തിരുത്തിയത്.)**

ജില്ലയിൽ പ്രളയക്കെടുതിയിൽ ദുരിതമനുഭവിച്ച 50487 കുടുംബങ്ങൾക്ക് 10000 രൂപയുടെ ധനസഹായം കൈമാറി. തിരുവല്ല താലൂക്കിൽ 30162 കുടുംബങ്ങൾക്കും കോഴഞ്ചേരിയിൽ 8102കുടുംബങ്ങൾക്കും മല്ലപ്പള്ളിയിൽ 1367 കുടുംബങ്ങൾക്കും റാന്നിയിൽ 4158 കുടുംബങ്ങൾക്കും കോന്നിയിൽ 2791 കുടുംബങ്ങൾക്കും അടൂരിൽ 3907 കുടുംബങ്ങൾക്കുമാണ് തുക കൈമാറിയത്. 18110 അപ്പീലുകൾ ലഭിച്ചതിൽ 10298 അപ്പീലുകൾ അർഹമാണെന്ന് കണ്ടെത്തി. 7812 അപ്പീലുകൾ നിരസിച്ചു.

(പിഎൻപി 3346/18)

**ജില്ലയ്ക്ക് 8772 മെട്രിക് ടൺ ഭക്ഷ്യധാന്യം അനുവദിച്ചു**
**നീല, വെള്ള കാർഡുകൾക്ക് കൂടുതൽ ഭക്ഷ്യധാന്യം**

ജില്ലയിലെ കാർഡുടമകൾക്ക് ഒക്ടോബർ മാസം വിതരണം ചെയ്യുന്നതിന് 8772 മെട്രിക് ടൺ ഭക്ഷ്യധാന്യം അനുവദിച്ചു. 7541 മെട്രിക് ടൺ അരിയും 531 മെട്രിക് ടൺ ഗോതമ്പുമാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 3414 മെട്രിക് ടൺ അരി സാധാരണ വിതരണത്തിനുള്ളതും 4127 മെട്രിക് ടൺ അരി പ്രളയവുമായി ബന്ധപ്പെട്ട് അധികമായി അനുവദിച്ചിട്ടുള്ളതുമാണ്. മുൻഗണന വിഭാഗത്തിൽപ്പെട്ട പിങ്ക് കാർഡുടമകൾക്ക് കാർഡിലെ ഓരോ അംഗ

ത്തിനും ഒരു രൂപ നിരക്കിൽ നാല് കിലോഗ്രാം അരിയും ഒരു കിലോഗ്രാം ഗോതമ്പും ലഭിക്കും. എഎവൈ വിഭാഗത്തിൽപ്പെട്ട മഞ്ഞകാർഡ് ഉടമകൾക്ക് കാർഡ് ഒന്നിന് 20കിലോ അരിയും അഞ്ച് കിലോ ഗോതമ്പും സൗജന്യമായി ലഭിക്കും. മുൻഗണന ഇതര സബ്സിഡി വിഭാഗത്തിൽപ്പെട്ട നീല കാർഡുടമകൾക്ക് ഓരോ അംഗത്തിനും മൂന്ന് രൂപ നിരക്കിൽ രണ്ട് കിലോഗ്രാം അരിയും. മുൻഗണന ഇതര നോൺ സബ്സിഡി വിഭാഗത്തിൽപ്പെട്ട വെള്ള കാർഡ് ഉടമകൾക്ക് 8.90 രൂപ നിരക്കിൽ കാർഡ് ഒന്നിന് നാല് കിലോഗ്രാം അരിയും ലഭിക്കും. നീല കാർഡ് ഉടമകൾക്കും വെള്ളകാർഡ് ഉടമകൾക്കും പരമാവധി മൂന്ന് കിലോഗ്രാം ആട്ട സ്റ്റോക്കിന്റെ ലഭ്യത അനുസരിച്ച് 16 രൂപ നിരക്കിൽ ലഭിക്കും. വൈദ്യുതീകരിച്ച വീടുള്ളവർക്ക് കാർഡ് ഒന്നിന് അര ലിറ്ററും വൈദ്യുതീകരിക്കാത്ത വീടിന് കാർഡ് ഒന്നിന് നാല് ലിറ്ററും മണ്ണെണ്ണ ലിറ്ററിന് 30 രൂപ നിരക്കിൽ ലഭിക്കും.

പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ അധികമായി അനുവദിച്ച 4127 മെട്രിക് ടൺ അരി ജില്ലയിലെ മുൻഗണനേതര വിഭാഗത്തിൽപ്പെട്ട നീല, വെള്ള കാർഡ് ഉടമകൾക്ക് അഞ്ച് കിലോ വീതം കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ ലഭ്യമാക്കും.

റേഷൻ വിതരണം സംബന്ധിച്ച് പരാതികൾ ഉള്ളവർ 1800-425-1550 എന്ന ടോൾഫ്രീ നമ്പറിലോ താലൂക്ക് സപ്ലൈ ഓഫീസുകളിലെ നമ്പറുകളിലോ അറിയിക്കണം. കോഴഞ്ചേരി താലൂക്ക് സപ്ലൈ ഓഫീസ് 0468 2222212 തിരുവല്ല 04692701327 റാന്നി 04735 227504 കോന്നി 04682246060 അടൂർ 04734224856 മല്ലപ്പള്ളി 04692782374 ഇതിനുപുറമേ റേഷൻകടകളിൽ പ്രദർശിപ്പിച്ചിട്ടുള്ള റേഷനിംഗ് ഇൻസ്പെക്ടർമാരുടേയും താലൂക്ക് സപ്ലൈ ഓഫീസർമാരുടേയും മൊബൈൽ നമ്പറുകളിലും പരാതികൾ അറിയിക്കാം.

(പിഎൻപി 3347/18)

**ഫോട്ടോ അടിക്കുറിപ്പ്.**

തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കുള്ള അടയാളഭാഷാ പരിശീലനം ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ പി. അജന്തകുമാരി ഉദ്ഘാടനം ചെയ്യുന്നു

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**


ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ
തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കുള്ള
അടയാള ഭാഷാ പരിശീലനം
ACCESSIBLE ELECTIONS
സ്ഥലം :
കോൺഫറൻസ് ഹാൾ
പത്തനംതിട്ട